**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **06-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ സ്വീകരിക്കാത്തവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരുടെ എണ്ണം വാർഡ്തലത്തിൽ കണക്കാക്കിയിട്ടുണ്ടോ; ചവറ നിയോജക മണ്ഡലത്തിൽ എത്ര പേർ കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരായി ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരുടെ എണ്ണം വാർഡ് തലത്തിലും നിയോജകമണ്ഡലം തലത്തിലും കണക്കാക്കിയിട്ടില്ല. |
| (ബി) | കോവിഡ് വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിഡ് സ്ഥിരീകരിച്ചശേഷം രോഗം മൂർച്ഛിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ഭൂരിഭാഗം പേരിലും കോവിഡ് വാക്സിൻ സ്വീകരിക്കാത്തതായും അനുബന്ധ രോഗങ്ങൾ ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. 2021 ജൂൺ 16-ാം തീയതി മുതലുള്ള ലഭ്യമായ വിവരങ്ങൾ പ്രകാരം ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളിൽ 73% പേർ വാക്സിനേഷൻ സ്വീകരിക്കാത്തവരും 12% പേർ ഒരു ഡോസ് വാക്സിൻ എടുത്തവരും 15% പേർ രണ്ട് ഡോസ് വാക്സിനും എടുത്തിട്ടുള്ളവരുമാണ്. |
| (സി) | സംസ്ഥാനത്ത് എത്ര പേർ ബൂസ്റ്റർ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് 01/07/2022 വരെ 20,76,089 പേർ ബൂസ്റ്റർ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ